പഞ്ചായത്ത് വകുപ്പിലെ സെക്രട്ടറി, സീനിയർ സൂപ്രണ്ട് ഒഴിവുകൾ

229 (3436) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സീനിയർ സൂപ്രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) 2015 മാർച്ച് 31 വരെ പ്രസ്തുത വകുപ്പിൽ സെക്രട്ടറി, സീനിയർ സൂപ്രണ്ട് തസ്തികകളിൽ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പിന്റെ വരുമാന വർദ്ധനവും ഓഡിറ്റിങ്ങും ശക്തിപ്പെടുത്താൻ അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തിക വർദ്ധിപ്പിച്ച് ചുമതല വിഭജിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ടി വകുപ്പിൽ ഏതൊക്കെ തസ്തികകളിലെ ജീവനക്കാരെയാണ് സർക്കാർ ജീവനക്കാരായി അംഗീകരിക്കാത്തത്; കാരണം വിശദമാക്കുമോ?

ഉത്തരം

(എ) സീനിയർ സൂപ്രണ്ട് തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്.

ആലപ്പുഴ	-	1
പാലക്കാട്	-	1

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ആകെ 41 ഒഴിവുകൾ നിലവിലുണ്ട്.

തിരുവനന്തപുരം	-	1
കൊല്ലം	-	1
പത്തനംതിട്ട	-	3
ആലപ്പുഴ	-	2
കോട്ടയം	-	7
ഇടുക്കി	-	4
എറണാകുളം	-	3
തൃശ്ശൂർ	-	3

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്	-	5
മലപ്പുറം	-	6
കോഴിക്കോട്	-	0
വയനാട്	-	2
കണ്ണൂർ	-	1
കാസർഗോഡ്	-	3

ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ബി) 31-3-2016 വരെ സീനിയർ സൂപ്രണ്ട് തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 3 എണ്ണവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 20 എണ്ണവുമാണ്.

(സി) പെർഫോമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 66 പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാരുടെ തസ്തിക പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പദവിയിലേക്ക് ഉയർത്തണമെന്നാവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ച് ശിപാർശ 10-ാം ശമ്പള പരിഷ്കരണ കമ്മീഷന് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) പഞ്ചായത്ത് വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരെ (പാർട്ട്ടൈം, ഫുൾടൈം) സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. 6-1-1995-ലെ ജി.ഒ.(പി) 01/95/തദ്ദേവ പ്രകാരം ഈ വിഭാഗം ജീവനക്കാർ പഞ്ചായത്തിന്റെ ജീവനക്കാരായിത്തന്നെ തുടരുമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

കുടുംബശ്രീ ഓഫീസുകളിലെ അക്കൗണ്ടന്റ്മാരുടെ വേതനം

230 (3437) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഓഫീസുകളിൽ അക്കൗണ്ടന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് നൽകിവരുന്ന വേതനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരുടെ വേതന വർദ്ധനവ് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly